**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2278** **16-03-2022 - ൽ മറുപടിയ്ക്ക്**

**വാതിൽപ്പടി വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | null<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമം 2013 പ്രകാരമുള്ള വാതിൽപ്പടി വിതരണം സപ്ലൈകോയിൽ നിന്ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | എൻ.എഫ്.എസ്.എ. പ്രകാരമുള്ള വാതിൽപ്പടി വിതരണം പൊതുവിതരണ വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിൽ കൊണ്ട് വരുവാൻ വകുപ്പ് ഉദ്ദേശിക്കുന്നു. ആയതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ താലൂക്ക് സപ്ലൈ ആഫീസുകൾ / സിറ്റി റേഷനിംഗ് ഓഫീസുകൾ എന്നിവയുടെ അധികാര പരിധിയിൽ (83 എണ്ണം) വകുപ്പിന്റെ ഉടമസ്ഥതയിൽ എൻ.എഫ്.എസ്.എ. ഗോഡൗണുകൾ നിർമ്മിക്കുവാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ഒരു ഗോഡൗൺ നിർമ്മാണത്തിന് 6 കോടി രൂപ എന്ന നിരക്കിൽ 83 ഗോഡൗണുകൾക്കായി 2022-27 പഞ്ചവത്സര പദ്ധതിയിൽ 498 കോടി രൂപ വകയിരുത്തണമെന്ന് പ്ലാനിംഗ് ബോർഡിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഗോഡൗൺ നിർമ്മാണത്തിനായി നിലവിൽ 23 താലൂക്കുകളിൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു; |
| (ബി) | വാതിൽപ്പടി വിതരണ ചുമതലയിൽ നിന്ന് ഒഴിവാക്കണമെന്നാവശ്യപ്പെട്ട് സപ്ലൈകോ സർക്കാരിന് രേഖാമൂലം കത്ത് നൽകിയിരുന്നോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. ഭക്ഷ്യ ധാന്യങ്ങളുടെ സുരക്ഷിതമായ സംഭരണം ട്രാൻസ്പോർട്ടേഷൻ ആന്റ് ഹാൻഡിലിങ്, പെസ്റ്റ് കൺട്രോൾ സർവീസ് എന്നിവ കൂടുതൽ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് സെൻട്രൽ/ സ്റ്റേറ്റ് വെയർഹൗസുകളേയോ മറ്റ സർക്കാർ ഏജൻസി കളേയോ ഏൽപിച്ചാൽ സപ്ലൈകോയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാകുന്നതിനും കുറ്റമറ്റമാകുന്നതിനും സുതാര്യമാകുന്നതിനും വഴിയൊരുക്കുമെന്ന് രേഖാമൂലം സപ്ലൈകോ അറിയിച്ചിരുന്നു. തുടർന്ന് വാതിൽപടി വിതരണം സപ്ലൈകോയെ ഒഴിവാക്കി വകുപ്പുതലത്തിലോ മറ്റേതെങ്കിലും കേന്ദ്ര സംസ്ഥാന ഏജൻസി കളെയോ (CWC ഉൾപ്പെടെ) ഏൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ വിവിധ തലത്തിൽ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ